ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **വികസിതഭാരതത്തിന് അടിസ്ഥാനമായ സമുദ്ര സുരക്ഷ ഉറപ്പാക്കുന്നതിൽ ഇന്ത്യൻ നാവികസേനയ്ക്ക് നിർണ്ണായക സംഭാവന നല്കാൻ സാധിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.**

   **President Draupadi Murmu said that the Indian Navy can make a decisive contribution in ensuring maritime security, which is the basis for a developed India.**

2. **സ്വാതന്ത്ര്യത്തിനു മുമ്പുള്ള എല്ലാ നിയമങ്ങളും സർക്കാർ പുനരവലോകനം ചെയ്യുകയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ബോയിലറുകളിൽ തൊഴിലെടുക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്ന ബോയിലേഴ്സ് ബിൽ 2024 രാജ്യസഭയിൽ പാസാക്കി.**

   **Union Minister Piyush Goyal said that the government is reviewing all pre-independence laws. The Rajya Sabha has passed the Boilers Bill 2024, which ensures the safety of workers employed in boilers.**

3. മഹാരാഷ്ട്രയിൽ ദേവേന്ദ്ര ഫഡ്നാവിസ് നാളെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. ഝാർഖണ്ഡ് മന്ത്രിസഭാ വിപുലീകരണം നാളെ.

Devendra Fadnavis will take oath as Chief Minister of Maharashtra tomorrow. Jharkhand cabinet expansion tomorrow.

4. യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ ത്രീ ദൗത്യത്തിൻ്റെ വിക്ഷേപണം സാങ്കേതിക തകരാർ മൂലം isro നാളെത്തേക്ക് മാറ്റി.

ISRO postponed the launch of European Space Agency's Proba 3 mission to tomorrow due to a technical reasons

5. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കുറഞ്ഞ സമയത്ത് എത്തിച്ചേരുന്നതിനായുള്ള ഹെലികോപ്റ്റർ ഹെലി ടൂറിസം നയത്തിന് സംസ്ഥാന മന്ത്രിസഭായോഗത്തിന്റെ അംഗീകാരം.

State Cabinet approves Heli Tourism Policy to reach tourist destinations in various parts of Kerala in less time.

6. മസ്കറ്റിൽ നടക്കുന്ന ആൺകുട്ടികളുടെ ഹോക്കി ജൂനിയർ ഏഷ്യാ കപ്പിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും

India will face Pakistan today in the Boys' Hockey Junior Asia Cup in Muscat.

&&&&&&&&&&&&&&&&&&&

**ODISHA – PREZ VISIT**

വികസിതഭാരതത്തിന് അടിസ്ഥാനമായ സമുദ്ര സുരക്ഷ ഉറപ്പാക്കുന്നതിൽ ഇന്ത്യൻ നാവികസേനയ്ക്ക് നിർണ്ണായക സംഭാവന നല്കാൻ സാധിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഒഡീഷയിലെ പുരിയിൽ ബ്ലൂ ഫ്ലാഗ് ബീച്ചിൽ നടന്ന നാവികസേനാ ദിനാഘോഷ പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ്)

15 നാവികസേനാ കപ്പലുകൾ, മുങ്ങിക്കപ്പലുകൾ, 40-ലേറെ യുദ്ധവിമാനങ്ങൾ എന്നിവ പരിപാടിയിൽ പ്രദർശിപ്പിച്ചു. വ്യോമാഭ്യാസവും ശ്രീമതി മുർമു വീക്ഷിച്ചു.

&&&&&&&&&&&&&&&&&&&

**RS BOILERS BILL –INTRO**

സ്വാതന്ത്ര്യത്തിനു മുമ്പുള്ള എല്ലാ നിയമങ്ങളും സർക്കാർ പുനരവലോകനം ചെയ്യുകയാണെന്ന് കേന്ദ്രവാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ബോയിലറുകളിൽ തൊഴിലെടുക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്ന ബോയിലേഴ്സ് ബിൽ 2024 രാജ്യസഭയിൽ പാസാക്കി. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ സംസാരിക്കവെ തൊഴിലാളികളുടെ കാര്യമക്ഷമതയും ഉത്തരവാദിത്തവും

ഉന്നത നിലവാരത്തിലുള്ളതാക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ടെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS RAILWAY BILL

റെയിൽവേ മേഖലയിൽ കൂടുതൽ കാര്യക്ഷമത ഉറപ്പാക്കുന്നതിനുള്ള റെയിൽ ഭേദഗതിബിൽ 2024 ലോകസഭ ചർച്ചയ്ക്ക് എടുത്തു. റെയിൽവേയുടെ സ്വതന്ത്രമായ പ്രവർത്തനത്തെയും റെയിൽവേ ബോർഡിന് നിയമാനുസൃതമായി അധികാരങ്ങൾ നൽകുന്നതും ബിൽ ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&

## R S NAXAL

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ രാജ്യത്തെ 60 ജില്ലകളെ നക്സൽ തീവ്രവാദത്തിൽ നിന്ന് മുക്തമാക്കിയെന്ന് സർക്കാർ രാജ്യസഭയെ അറിയിച്ചു. രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാന്ദ റായ് ആണ് ഇക്കാര്യം അറിയിച്ചത്. 2010 ലെ നിലയുമായി താരതമ്യം ചെയ്യാൽ നക്സൽ ആക്രമണങ്ങളിൽ 73 ശതമാനം കുറവുണ്ടായെന്നും മന്ത്രി പറഞ്ഞു. നക്സൽ ആക്രമണം മൂലം സുരക്ഷാ സൈനികരുടെയും സാധാരണക്കാരുടെയും മരണം വലിയ തോതിൽ കുറഞ്ഞെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LS – 5G SERVICES

രാജ്യത്തെ 779 ജില്ലകളിൽ 5ജി സേവനങ്ങൾ ലഭ്യമാണെന്ന് കേന്ദ്രസർക്കാർ. ടെലികോം സേവന ദാതാക്കൾ തീരദേശ മേഖലകളിൽ ഉൾപ്പെടെ 5 ജി സേവനങ്ങൾ വിപുലീകരിച്ചതായി കേന്ദ്ര സഹമന്ത്രി പെമ്മസാനി ചന്ദ്രശേഖർ ലോക്സഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS-WIND ENERGY

ഭൂനിരപ്പിൽ നിന്ന് 150 മീറ്റർ ഉയരത്തിൽ 1164 ജിഗാ വാട്ട്സ് വൈദ്യുതി, കാറ്റിൽ നിന്ന് ഉൽപാദിപ്പിക്കാനുള്ള ശേഷി രാജ്യത്തിനുണ്ടെന്ന് കേന്ദ്ര പുനരുപയോഗ ഊർജ്ജ സഹമന്ത്രി ശ്രീപദ് യെസ്സോ നായിക്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജിയുടെ റിപ്പോർട്ടിനെ ഉദ്ധരിച്ച് ലോക്സഭയിൽ രേഖാമൂലം മറുപടി നൽകുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&&&&&

## LS BHARAT NET

ഭാരത് നെറ്റ് പദ്ധതിയുടെ ഭാഗമായി രാജ്യമെമ്പാടുമായി രണ്ടു ലക്ഷത്തി 14 ആയിരത്തിൽ അധികം ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ്ബാൻറ് കണക്ഷൻ നല്കിയിട്ടുണ്ടെന്ന് കേന്ദ്രസഹമന്ത്രി പെമസനി ചന്ദ്രശേഖർ ലോകസഭയിൽ ചോദ്യത്തിന് രേഖാമൂലം മറുപടി നല്കി. പദ്ധതിയിലൂടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും

ഗോത്രമേഖലകളിലും ബ്രോഡ്ബാൻറ് എത്തിക്കുമെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## RS WOMEN COOPERATIVE

വനിതകളുടെ നേതൃത്വത്തിലുള്ള സഹകരണസംഘങ്ങളുടെ വികസനത്തിന് ഏഴായിരത്തി 708 കോടിയിലധികം രൂപയുടെ ധനസഹായത്തിന് ദേശീയ സഹകരണ വികസന കോർപ്പറേഷൻ അനുമതി നൽകിയതായി രാജ്യസഭയിൽ ചോദ്യത്തിന് മന്ത്രി അമിത്ഷാ രേഖാമൂലം മറുപടി നൽകി. രാജ്യത്ത് ഇരുപത്തി അയ്യായിരത്തി 385 വനിതാ ക്ഷേമ സഹകരണ സംഘങ്ങളുണ്ടെന്നും മന്ത്രി അറിയിച്ചു. രാജ്യത്ത് ഒരു ലക്ഷത്തി 44 ആയിരത്തിലധികം ക്ഷീര സഹകരണസംഘങ്ങളുണ്ടെന്നും ധാരാളം ഗ്രാമീണ വനിതകൾ ഇതിൻറെ ഭാഗമാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MAHA -GOVT FORMATION

മഹാരാഷ്ട്രയിൽ മുഖ്യമന്ത്രിയായി തെരഞ്ഞെടുത്ത ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് ഗവർണർ സി.പി.രാധാകൃഷ്ണനെ സന്ദർശിച്ച് സർക്കാർ രൂപീകരണത്തിന് അവകാശവാദം ഉന്നയിച്ചു. കാവൽ മുഖ്യമന്ത്രി ഏക് നാഥ് ഷിൻഡെയും എൻസിപി നേതാവ് അജിത്പവാറും ഒപ്പമുണ്ടായിരുന്നു. നാളെ വൈകിട്ട് ആസാദ് മൈതാനത്ത് നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. പ്രകടന

പത്രികയിലെ എല്ലാ വാഗ്ദാനങ്ങളും നടപ്പിലാക്കുമെന്നും ശ്രീ.ഏക് നാഥ് ഷിൻഡെയും ശ്രീ.അജിത് പവാറുമൊത്ത് നടത്തിയ മാധ്യമ സമ്മേളനത്തിൽ ശ്രീ. ദേവേന്ദ്ര ഫഡ്നാവിസ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## JHARKHAND-CABINET EXPANSION

ഝാർഖണ്ഡിൽ ഹേമന്ത് സോറൻ സർക്കാരിന്റെ മന്ത്രിസഭാ വിപുലീകരണം നാളെ റാഞ്ചിയിൽ നടക്കും. പതിനൊന്ന് മന്ത്രിമാരാണ് നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത്. ഗവർണർ സന്തോഷ് കുമാർ ഗാങ്വാർ മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. മന്ത്രിസഭയിൽ ജെഎംഎമ്മിന് ആറ് മന്ത്രിമാരും കോൺഗ്രസിന് നാല് മന്ത്രിമാരും ആർജെഡിക്ക് ഒരു മന്ത്രിയുമാണുണ്ടാവുക.

&&&&&&&&&&&&&&&&&&

## RS JAISHANKAR

ഇന്ത്യ-ചൈന ബന്ധം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോകാൻ അതിർത്തിയിൽ സമാധാനവും സുസ്ഥിരതയും സുപ്രധാനമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഇതിനായി അടുത്ത ദിവസങ്ങളിൽ ഇരു രാജ്യങ്ങളും തമ്മിൽ ചർച്ച നടക്കുമെന്നും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു. ചൈനീസ് നടപടികൾ മൂലം 2020-ൽ അതിർത്തിയിലെ സമാധാന അന്തരീക്ഷത്തിന് ഭംഗം സംഭവിച്ചു.

കോവിഡ് കാലത്തും അതിർത്തിയിൽ സൈനികരെ ആവശ്യാനുസരണം വിന്യസിക്കാൻ ഇന്ത്യൻ സേനയ്ക്കായെന്നും മന്ത്രി വ്യക്തമാക്കി. ഘട്ടം ഘട്ടമായി കിഴക്കൻ ലഡാക്കിലെ ഡെസ്പാംഗ്, ഡെംചോക്ക് എന്നിവിടങ്ങളിൽ നിന്ന് ഇപ്പോൾ ഇരു സൈന്യവും പിന്മാറി. 1962-ൽ ഇന്ത്യയിലെ 38 ആയിരം ചതുരശ്ര കിലോമീറ്റർ പ്രദേശം ചൈന കൈയ്യേറിയെന്നും ശ്രീ.ജയശങ്കർ ചൂണ്ടിക്കാട്ടി. 1963-ൽ പാകിസ്ഥാൻറെ കൈവശമുണ്ടായിരുനന ഇന്ത്യയുടെ അയ്യായിരത്തി180 ചതുരശ്ര കിലോമീറ്റർ പ്രദേശം ചൈനയ്ക്ക് അവർ കൈമാറി.

(ഹോൾഡ് വോയിസ്)

ലഡാക്ക് അതിർത്തിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഊന്നൽ നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PROBA-3 launch

യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ ത്രീ ദൗത്യത്തിൻ്റെ വിക്ഷേപണം സാങ്കേതിക തകരാർ മൂലം isro മാറ്റിവച്ചു. ഇന്ന് വൈകിട്ട് 04.08 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നടക്കേണ്ടിയിരുന്ന വിക്ഷേപണമാണ് മാറ്റിവച്ചത്. വിക്ഷേപണം നാളെ വൈകുന്നേരം 04.12 ലേക്കാണ് മാറ്റിയത്.

&&&&&&&&&&&&&&&&&&

## HELI TOURISM

കേരളത്തിൽ ഹെലി ടൂറിസം നയത്തിന് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള ഹെലികോപ്റ്റർ സർവ്വീസ് ശൃംഖല സൃഷ്ടിക്കുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&

## DAY HOCKEY – JUNIOR ASIA CUP

മസ്കറ്റിൽ നടക്കുന്ന ആൺകുട്ടികളുടെ ഹോക്കി ജൂനിയർ ഏഷ്യാ കപ്പിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. അഞ്ചാം കിരീടവും തുടർച്ചയായ മൂന്നാം വിജയവും ലക്ഷ്യമിട്ടാണ് ഇന്ത്യ കളത്തിലിറങ്ങുന്നത്.

&&&&&&&&&&&&&&&&&&

## UNDER 19 ASIA CUP

അണ്ടർ 19 ഏഷ്യാകപ്പ് ഏകദിന ക്രിക്കറ്റിൽ യുഎഇയ്ക്കെതിരെ ഇന്ത്യക്ക് 10 വിക്കറ്റ് ജയം. 138 റൺ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ഇന്ത്യ 16.1 ഓവറിൽ വിക്കറ്റൊന്നും നഷ്ടമാകാതെ ജയം സ്വന്തമാക്കി.

ഇന്ത്യക്കായി ആയുഷ് മാത്രെയും വൈഭവ് സൂര്യവൻശിയും അർധസെഞ്ചുറി നേടി.

&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ്, ഗോവ എഫ്. സി-യുമായി ഏറ്റുമുട്ടുന്നു. ഹൈദരാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## RS RURAL LITERACY

കഴിഞ്ഞ വർഷം രാജ്യത്തെ ഗ്രാമീണ സാക്ഷരത നേരിയ തോതിൽ വർദ്ധിച്ചതായി കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരി രാജ്യസഭയെ രേഖാമൂലം അറിയിച്ചു. 2022-23 കാലയളവിൽ 77 ശതമാനമായിരുന്ന ഗ്രാമീണ സാക്ഷരത ഈ വർഷം 77.5 ശതമാനമായാണ് കൂടിയത്. പുരുഷ,വനിത സാക്ഷരത നേരിയ തോതിൽ കൂടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## RS BARAT KE VEER

ഭാരത് കെ വീർ ട്രസ്റ്റിൽ നിന്ന് രക്തസാക്ഷികളുടെ 501 ആശ്രിതർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ. രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്രമന്ത്രി നിത്യാനന്ദ റായ് ആണ്

ഇതറിയിച്ചത്. രക്തസാക്ഷികളുടെ അടുത്ത ബന്ധുക്കൾക്ക് കുറഞ്ഞത് ഒരു കോടി രൂപ ലഭിക്കും. വിവാഹിതരായ രക്തസാക്ഷിത്വം വരിച്ചവരുടെ മാതാപിതാക്കൾക്ക് 10 ലക്ഷം രൂപ ട്രസ്റ്റ് നല്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## RS MULTI STATE

രാജ്യത്ത് 1700-ൽ അധികം ബഹുസംസ്ഥാന സഹകരണ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യിട്ടുണ്ടെന്ന് സഹകരണ സഹമന്ത്രി കൃഷൻപാൽ രാജ്യസഭയിൽ പറഞ്ഞു. ഇതിൽ 100 എണ്ണം പ്രവർത്തനം നിർത്തുന്നതിൻറെ വക്കിലാണ്. 70 ബഹുസംസ്ഥാന സഹകരണ സൊസൈറ്റികളിൽ തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സാമ്പത്തിക തിരിമറിക്ക് തടയിടാൻ സർക്കാർ നിരവധി കാര്യങ്ങൾ ചെയ്യിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&